**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **31-01-2024 - ൽ മറുപടിയ്ക്ക്**

**ചീപ്പുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 ലെ സംസ്ഥാന ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ കെച്ചേരിപ്പുഴയിലുള്ള മുക്കോല ചീപ്പ്, കൊച്ചിൻ ഫ്രോണ്ടിയർ തോടിലെ കണ്ടപ്പൻ, മുക്കന്തറ ചീപ്പുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മുക്കോല ചിറയുടെ urgent maintenance വർക്കിനായി 7,40,000/- രൂപ ഫണ്ട് ലഭ്യമായിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ചിറയിൽ നിന്നും വെള്ളം ഉപയോഗപ്പെടുത്തി കൃഷി നടക്കുന്നതിനാൽ ടി പ്രവൃത്തി നിലവിൽ മന്ദഗതിയിലാണ് നടക്കുന്നത്. കൊയ്ത്ത് അവസാനിച്ചതിനുശേഷം ഫെബ്രുവരി മാസത്തോടുകൂടി പ്രവൃത്തി ദ്രുതഗതിയിൽ നടത്തുന്നതായിരിക്കും. നിലവിൽ പലക ശരിയായ രീതിയിൽ ഇടുന്നതിനുവേണ്ട നവീകരണ പ്രവൃത്തി ചിറയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തി കഴിഞ്ഞതിനുശേഷം പുതിയ ചിറ നിർമ്മിക്കുന്നതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ വർക്ക് നടത്തുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.<br><br>കൊച്ചിൻ ഫ്രോണ്ടിയർ തോടിലെ മുക്കത്ര, കണ്ടപ്പൻ ചീപ്പുകളുടെ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2021-22 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ എന്ന ഇനത്തിൽ അനുബന്ധം II വാല്യം II ഇനത്തിൽ പേജ് No.132, ക്രമ No.2236 ആയി 100 രൂപ ടോക്കൺ പ്രൊവിഷനോട് കൂടി "എളവള്ളി ഗ്രാമപഞ്ചായത്തിലെ മുക്കോല, മുക്കത്ര കണ്ടപ്പൻ സ്ലൂയിസ്സ് നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നു. ഇതിൽ കണ്ടപ്പൻ, മുക്കത്ര ചീപ്പുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഡി.പി.ആർ സമർപ്പിക്കുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്. കണ്ടപ്പൻ മുക്കത്ര എന്നീ 2 ചീപ്പുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് പ്ലാൻ |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി (മുക്കത്ര ചീപ്പ് 4,80,000/- രൂപ, കണ്ടപ്പൻ ചീപ്പ് - 5,60,000/- രൂപ) – ലഭിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തികൾ പുരോഗതിയിലാണ്. 30/01/2024 വരെയാണ് ഇവയുടെ പൂർത്തീകരണ കാലാവധി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായാലുടൻ കണ്ടപ്പൻ, മുക്കത്ര എന്നീ 2 ചീപ്പുകളുടെ നിർമ്മാണത്തിനുള്ള structural design ന് വേണ്ടി ഐ.ഡി.ആർ.ബി.ക്കു സമർപ്പിക്കുന്നതും, design ലഭ്യമായാലുടൻ ഡി.പി.ആർ തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | മണ്ണുപരിശോധന നടന്നെങ്കിലും തുടർ നടപടികളൊന്നും നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി നടപ്പാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മുക്കോല ചിറയുടെ urgent maintenance വർക്കിനായി 7,40,000/- രൂപ ഫണ്ട് ലഭ്യമായിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ചിറയിൽ നിന്നും വെള്ളം ഉപയോഗപ്പെടുത്തി കൃഷി നടക്കുന്നതിനാൽ ടി പ്രവൃത്തി നിലവിൽ മന്ദഗതിയിലാണ് നടക്കുന്നത്. കൊയ്ത്ത് അവസാനിച്ചതിനുശേഷം ഫെബ്രുവരി മാസത്തോടുകൂടി പ്രവൃത്തി ദ്രുതഗതിയിൽ നടത്തുന്നതായിരിക്കും. നിലവിൽ പലക ശരിയായ രീതിയിൽ ഇടുന്നതിനുവേണ്ട നവീകരണ പ്രവൃത്തി ചിറയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തി കഴിഞ്ഞതിനുശേഷം പുതിയ ചിറ നിർമ്മിക്കുന്നതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ വർക്ക് നടത്തുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.<br><br>കൊച്ചിൻ ഫ്രോണ്ടിയർ തോടിലെ മുക്കത്ര, കണ്ടപ്പൻ ചീപ്പുകളുടെ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2021-22 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ എന്ന ഇനത്തിൽ അനുബന്ധം II വാല്യം II ഇനത്തിൽ പേജ് No.132, ക്രമ No.2236 ആയി 100 രൂപ ടോക്കൺ പ്രൊവിഷനോട് കൂടി "എളവള്ളി ഗ്രാമപഞ്ചായത്തിലെ മുക്കോല, മുക്കത്ര കണ്ടപ്പൻ സ്ലൂയിസ്സ് നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നു. ഇതിൽ കണ്ടപ്പൻ, മുക്കത്ര ചീപ്പുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഡി.പി.ആർ സമർപ്പിക്കുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്. കണ്ടപ്പൻ മുക്കത്ര എന്നീ 2 ചീപ്പുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി (മുക്കത്ര ചീപ്പ് 4,80,000/- രൂപ, കണ്ടപ്പൻ ചീപ്പ് - 5,60,000/- രൂപ) – |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തികൾ പുരോഗതിയിലാണ്. 30/01/2024 വരെയാണ് ഇവയുടെ പൂർത്തീകരണ കാലാവധി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായാലുടൻ കണ്ടപ്പൻ, മുക്കത്ര എന്നീ 2 ചീപ്പുകളുടെ നിർമ്മാണത്തിനുള്ള structural design ന് വേണ്ടി ഐ.ഡി.ആർ.ബി.ക്കു സമർപ്പിക്കുന്നതും, design ലഭ്യമായാലുടൻ ഡി.പി.ആർ തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ